# കണ്ടാലറിയാത്തവർ കൊണ്ടാലറിയും

■ *കേരളത്തിൽ ഭീകരമാംവിധം വർധിച്ചുവരുന്ന മദ്യാസക്തി നിയന്ത്രിക്കാൻ സി.പി.എമ്മിന്റെ യുവജന, വിദ്യാർഥി, മഹിളാ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടപടികളാരംഭിക്കുന്നു- വാർത്ത. പ്രതികരണം?*

***എ.ആർ ചെറിയമുണ്ടം***

**കേ**രളത്തിൽ നിലവിലുണ്ടായിരുന്ന മദ്യനിരോധം റദ്ദാക്കിയത് 1967-ൽ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സപ്ത കക്ഷി മുന്നണി സർക്കാരാണ്. നിരോധം അപ്രായോഗികവും മദ്യപാനം തടയുന്നതിന് അപര്യാപ്തവുമാണെന്നായിരുന്നു അന്നതിന് പറഞ്ഞ ന്യായം. പിന്നീട് മദ്യാസക്തരുടെ എണ്ണവും മദ്യപാനത്തിന്റെ കെടുതികളും വർധിച്ചുകൊണ്ടേ വരുമ്പോഴൊക്കെ ഗാന്ധിയന്മാരും മതവിശ്വാസികളും മനുഷ്യസ്നേഹികളുമെല്ലാം മദ്യനിരോധത്തിന് വേണ്ടി ആവശ്യപ്പെട്ടുകൊണ്ടേ വന്നിട്ടുണ്ട്. ഭരിക്കുന്ന സർക്കാറുകൾ ഇടതായാലും വലതായാലും നിരോധം അപ്രായോഗികമാണെന്ന് ആവർത്തിച്ചതല്ലാതെ മദ്യത്തിന്റെ ഉൽപാദനവും വിൽപനയും നിയന്ത്രിക്കാനോ ബാർ ലൈസൻസുകളുടെ എണ്ണം കുറക്കാനോ ഒരു നടപടിയുമെടുത്തില്ല. ഒടുവിൽ മദ്യനിരോധത്തിന്റെ സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉദയഭാനു കമീഷനെ നിയോഗിച്ചു. കമീഷൻ റിപ്പോർട്ടിൽ ഘട്ടം ഘട്ടമായുള്ള മദ്യനിരോധം ശിപാർശ ചെയ്യുകയുണ്ടായി. പക്ഷേ, പിന്നീടും പ്രസ്തുത ശിപാർശകൾ നടപ്പാക്കാനുള്ള ഒരു ശ്രമവും സർക്കാറുകളുടെ ഭാഗത്തുനിന്നുണ്ടായില്ല. ഒടുവിൽ എ.കെ ആന്റണി മുഖ്യമന്ത്രിയായപ്പോഴാണ് ചാരായ നിരോധം നടപ്പാക്കാനുള്ള നിശ്ചയദാർഢ്യം കാണിച്ചത്. ഒരു വർഷമേ ഭരിക്കാൻ അദ്ദേഹത്തിനവസരം ലഭിച്ചുള്ളൂവെങ്കിലും ചാരായ നിരോധം ഒട്ടൊക്കെ ഫലപ്രദമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തുടർന്ന് വന്ന ഇടതുമുന്നണി സർക്കാർ നിരോധം റദ്ദാക്കിയില്ലെങ്കിലും മദ്യലോബി പിടിമുറുക്കി. വിഷമദ്യ ദുരന്തങ്ങൾ അടിക്കടി ആവർത്തിക്കാൻ തുടങ്ങി. മണിച്ചനെപ്പോലുള്ള മദ്യസാമ്രാട്ടുകൾ ജനങ്ങളുടെ ജീവൻ കൊണ്ട് പന്താടി. ഒരു വശത്ത് റവന്യൂ വരുമാനത്തിന്റെ പേരിൽ പൊതുമേഖലയിലെ ബീവറേജ് കോർപ്പറേഷൻ വിദേശമദ്യങ്ങളുടെ ഉൽപാദനം ലക്കും ലഗാനുമില്ലാതെ വർധിപ്പിക്കുകയും ടൂറിസത്തിന്റെ മറവിൽ കേരളമാകെ ബിയർ പാർലറുകൾ തുറക്കുകയും ചെയ്തപ്പോൾ മറുവശത്ത് ചെത്തുതൊഴിലാളികളുടെ തൊഴിൽ പ്രശ്നം ചൂണ്ടിക്കാട്ടി നാടൻ കള്ളിന്റെ കുത്തൊഴുക്ക് ശക്തമാക്കി.

മദ്യാസക്തി എല്ലാ പരിധിയും ലംഘിച്ച് അതീവ ഗുരുതരമായ പതനത്തിലെത്തിയതാണ് വർത്തമാനകാല സ്ഥിതി. മദ്യത്തിന്റെ ആളോഹരി ഉപഭോഗത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റം മുൻപന്തിയിൽ കേരളമാണിന്ന്. ഇരുപത് ശതമാനത്തോളം ഉയർന്നിരിക്കുന്നു മദ്യാസക്തരുടെ സംഖ്യ. 60 ശതമാനം പേർ മദ്യപരാണ്. 13 വയസ്സ് മുതൽ കേരളീയർ മദ്യപാനം തുടങ്ങുന്നു എന്ന ഞെട്ടിക്കുന്ന കണക്കും പുറത്ത് വന്നിട്ടുണ്ട്. ഓണം, വിഷു, ക്രിസ്മസ്, വിവാഹം, പിറന്നാൾ, സ്വീകരണം, യാത്രയയപ്പ് തുടങ്ങി എല്ലാ ആഘോഷങ്ങളുടെയും അനിവാര്യതയായി മാറിയിരിക്കുന്നു കുപ്പി പൊട്ടിക്കൽ. സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വിപത്ത് മദ്യപാനവും ചൂതാട്ടവുമാണെന്ന് ഇടതു സർക്കാറിന്റെ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന് തുറന്ന് സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ഈ സാഹചര്യത്തിലാണ് സി.പി.എമ്മിന്റെ യുവജന, വിദ്യാർഥി സംഘടനകൾ മദ്യാസക്തിക്കെതിരെ ബോധവത്കരണ പരിപാടിയുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അപ്പോഴും ബോധവത്കരണം മാത്രമേ പോംവഴിയുള്ളൂ, നിരോധം അപ്രായോഗികമാണ് എന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ് പാർട്ടി സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. യുവാക്കളെ സാർവത്രികമായി സ്വാധീനിക്കുന്ന സിനിമയിലും മറ്റു കലാ പരിപാടികളിലുമൊക്കെ മദ്യത്തിന് തുറന്ന പ്രോത്സാഹനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും സമീപം ബാറുകൾ നിർബാധം പ്രവർത്തിക്കുന്നു. മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കാൻ ഒരു നടപടിയുമെടുക്കാതെ ബോധവത്കരണത്തിലൂടെ മാത്രം മദ്യസേവ തടയാനാവുമെന്ന പ്രതീക്ഷ അതിര് കവിഞ്ഞതാണ്. മദ്യം യഥേഷ്ടം അനുവദിച്ച പരിഷ്കൃത രാജ്യങ്ങളിൽ പോലും 18 വയസ്സിനു താഴെയുള്ളവർക്ക് മദ്യം വിളമ്പരുതെന്ന് നിയന്ത്രണമുണ്ട്. കേരളത്തിൽ ശിശുക്കൾക്ക് മുലപ്പാലിനു പകരം മദ്യം കൊടുക്കുന്നത് പോലും നിയമപരമായി വിലക്കിയിട്ടില്ല! അരാഷ്ട്രീയവത്കരണമാണ് യുവാക്കളിൽ മദ്യപാനം വർധിക്കാൻ കാരണമെന്ന് കണ്ടുപിടിച്ചിരിക്കുന്നു പിണറായി വിജയൻ. അരാഷ്ട്രീയവത്കരണത്തിന് അതിന്റേതായ ദൂഷ്യങ്ങളും

പ്രത്യാഘാതങ്ങളുമുണ്ടെന്നത് ശരിയാണ്. പക്ഷേ, മുഴുസമയ രാഷ്ട്രീയ പ്രവർത്തകരായ യുവാക്കൾ പോലും കുടിയന്മാരായി മാറുന്നതാണ് സംസ്ഥാനത്തെ അവസ്ഥ. അവരുടെ മാതൃക മുതിർന്ന നേതാക്കളാണ് താനും. രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ രംഗങ്ങളിലെ പ്രമുഖരിൽ മിക്കവരും അസ്സൽ കുടിയന്മാരാണ് എന്നത് രഹസ്യമല്ല. സമീപകാലത്ത് ജീവൻ വെടിഞ്ഞ പല സിനിമക്കാരും കരൾരോഗം മൂർഛിച്ചാണ് മരണത്തിന് കീഴടങ്ങിയതെന്ന സത്യം മറച്ചുപിടിക്കാനാവില്ല. എന്നാലും വളരെ വൈകിയാണെങ്കിലും സി.പി.എം പോഷക സംഘടനകൾ ഇപ്പോൾ ആരംഭിച്ച മദ്യവിരുദ്ധ കാമ്പയിൻ വിജയിക്കേണ്ടത് എല്ലാവരുടെയും ആവശ്യമാണ്. എല്ലാവരും അതിനോട് സഹകരിക്കുകയും വേണം.

## ക്ഷമിച്ചത് ശക്തിയില്ലാതിരുന്നപ്പോൾ!

■ *മക്കയിൽ അംഗബലം കുറവായിരുന്ന മുസ്‌ലിംകൾക്ക് വെല്ലുവിളികളും പീഡനങ്ങളും നേരിടാൻ വേണ്ടത്ര ശക്തിയുണ്ടായിരുന്നില്ല. സംഘടിതമായ പ്രതിരോധത്തിന് അനുമതിയും ലഭിച്ചിരുന്നില്ല. ആ ഘട്ടത്തിലും പ്രവാചകനെ നിന്ദിക്കാൻ നടന്ന ശ്രമങ്ങളെയും, ഇസ്‌ലാം സ്വീകരിച്ചത് കാരണം ചിലർ വ്യക്തിപരമായി നേരിട്ട അക്രമങ്ങളെയും ശക്തിയും തന്റേടവുമുള്ളവർ ചെറുത്തിരുന്നുവെന്നും പ്രവാചകൻ അതംഗീകരിച്ചുവെന്നും ചരിത്രത്തിൽ കാണാം. ഒരു വിശദീകരണം തരാമോ?*
***റശീദ് വെളിയങ്കോട് അബൂദബി***

**ഇ**സ്‌ലാംവിരുദ്ധവും യുക്തിശൂന്യവും പ്രകോപനപരവുമായ കൈവെട്ടിനെ ന്യായീകരിക്കാൻ എന്തൊക്കെ വാദങ്ങൾ, ദുർവ്യാഖ്യാനങ്ങൾ! ക്ഷമയും സഹനവും വിട്ടുവീഴ്ചയും സഹിഷ്ണുതയും ഒരു പ്രത്യേക കാലത്തേക്കോ സാഹചര്യത്തിലേക്കോ ഇസ്‌ലാം നിഷ്കർഷിച്ചതല്ല. മക്കയിലും മദീനയിലും ദുനിയാവിൽ എല്ലായിടത്തും ശക്തിയുള്ളപ്പോഴും ഇല്ലാത്തപ്പോഴുമൊക്കെ പ്രസക്തമായ ഇസ്‌ലാമിന്റെ മൗലികാധ്യാപനങ്ങളാണ് അപ്പറഞ്ഞതൊക്കെയും. "കാലം സാക്ഷി. നിശ്ചയം മനുഷ്യൻ നഷ്ടത്തിലാണ്. വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും സത്യവും ക്ഷമയും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ." വിശുദ്ധ ഖുർആനിലെ 103-ാം അധ്യായത്തിന്റെ ഉള്ളടക്കമാണിത്. നബി(സ) തിരുമേനിയുടെയും ശിഷ്യരുടെയും അസാമാന്യമായ ക്ഷമയും സംയമനവും സഹിഷ്ണുതയും യുക്തിദീക്ഷയുമാണ് ഇസ്‌ലാമിന്റെ പ്രബോധനം വിജയിപ്പിച്ചത്, അത് വ്യാപിപ്പിച്ചത്, നിലനിർത്തിയത്. തിന്മയെ നന്മ കൊണ്ട് പ്രതിരോധിക്കുക എന്നത് ഖുർആന്റെ ശാശ്വത ശാസനയാണ്, അതിന് സ്ഥലകാല പരിമിതികളില്ല. മക്കയിൽ ശത്രുക്കളുടെ ആക്രമണങ്ങളെ സായുധരായി പ്രതിരോധിക്കാനുള്ള അനുവാദം അല്ലാഹു എന്തുകൊണ്ട് നൽകിയില്ല എന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രബോധനത്തിന്റെ പ്രഥമ ഘട്ടത്തിൽ തന്നെ സായുധ പ്രതിരോധത്തിലേക്ക് എടുത്തുചാടിയാൽ ശക്തിയുണ്ടെങ്കിൽ പോലും യുദ്ധവിജയമേ ഉണ്ടാവൂ, പ്രബോധനം ലക്ഷ്യം കാണുകയില്ല. പരമാവധി പേരെ സത്യത്തിലേക്ക് കൊണ്ടുവരികയും അവർ വ്യവസ്ഥാപിതമായി ഒരു ഭരണ സംവിധാനത്തിന് രൂപം നൽകുകയും ചെയ്ത ശേഷമാണ് അവശ്യഘട്ടത്തിൽ പ്രതിരോധത്തിന്റെ പ്രസക്തി. അപ്പോഴും സംയമനവും ക്ഷമയും തന്നെയാണ് ആദ്യത്തെ ആയുധം. അത് പ്രയോഗിച്ചതിനാൽ എത്രയോ ശത്രുക്കൾ പശ്ചാതപിക്കുകയും നേർവഴിയിലേക്ക് വരികയും ചെയ്തിട്ടുണ്ട്.

പ്രവാചകനിന്ദ ഒരാൾ നടത്തിയതായി മറ്റുള്ളവർ ആരോപിക്കുമ്പോൾ അയാളെ ഹാജരാക്കി, ന്യായമായ വിചാരണയിലൂടെ കുറ്റം തെളിയിച്ചതിനു ശേഷമാണ് ശിക്ഷ വിധിക്കേണ്ടത് എന്നതാണ് സുപ്രധാനമായ മറ്റൊരു കാര്യം. നിയമമോ അധികാരമോ ഇല്ലാത്ത ഒരു കൂട്ടം ആളുകൾ സ്വയം പോലീസും കോടതിയും ചമഞ്ഞു ആരോപിതനെ വളഞ്ഞു പിടിച്ച് ശിക്ഷ നടപ്പാക്കുന്നത് കാട്ടുനീതിയാണ്, ഇസ്‌ലാമോ രാജ്യനിയമങ്ങളോ അതനുവദിക്കുന്നില്ല. അക്ഷന്തവ്യമായ ഈ തെറ്റിനെ നിരന്തരം ന്യായീകരിക്കുന്നതും അത് പാർട്ടി പ്രചാരണത്തിനുപയോഗിക്കുന്നതും തന്നെയാണ് തീവ്രവാദം. ആത്മരക്ഷക്ക് വേണ്ടി ആരെങ്കിലും നടത്തിയ പ്രതിരോധത്തെ പ്രവാചകൻ അനുവദിച്ചത് ഈ ഗണത്തിൽ പെട്ടതേയല്ല. ഏത് നിയമവും അതംഗീകരിക്കുന്നു. അതേയവസരത്തിൽ രണ്ടാം ഖലീഫ ഉമറി(റ)ന്റെ അരുംകൊലയിൽ പങ്കാളികളായവരെ അദ്ദേഹത്തിന്റെ മകൻ ഉബൈദുല്ല കൊന്നുകളഞ്ഞ കേസാണ്, പിൻഗാമിയായി വന്ന ഖലീഫ ഉസ്മാൻ(റ) ആദ്യം പരിഗണിച്ചതെന്നും അദ്ദേഹം സ്വഹാബി പ്രമുഖരുമായി കൂടിയാലോചിച്ച ശേഷം ഉമറിന്റെ മകന് 100 ഒട്ടകം പിഴ ചുമത്തുകയാണ് ചെയ്തതെന്നും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിക നിയമപ്രകാരം ഒരാളുടെ ഘാതകനെ പകരം കൊല്ലണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം അനന്തരാവകാശികൾക്കാണ് എന്ന് കൂടി ഓർക്കണം. നിയമം കൈയിലെടുക്കാൻ ഒരാൾക്കും അധികാരമോ അവകാശമോ ഇല്ല.

## നരകശിക്ഷയുടെ കാഠിന്യവും ദൈവത്തിന്റെ കാരുണ്യവും

■ *"ഖുർആൻ പറയുന്നു: "നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിച്ചവരെ നാം നരകാഗ്നിയിലിട്ട് എരിക്കുന്നതാണ്." അവിടത്തെ തീക്ക് ഇവിടത്തെ തീയേക്കാൾ എഴുപതിരട്ടി ചൂടും ഉണ്ടാകുമത്രെ! ശ്വസിക്കാൻ വിഷവായു! കുടിക്കാൻ ചുട്ടുപതച്ച വെള്ളം! ധരിക്കാൻ തീകൊണ്ടുള്ള ഉടുപ്പ്! കൈയും കാലും കെട്ടിവരിയാൻ ചങ്ങലയും ആമവും കുരുക്കുകളും! ഇതൊന്നും പോരാത്തതിന് ചുട്ടുപഴുപ്പിച്ച ഇരുമ്പ് ദണ്ഡുകളും! ഉരുകിയ ലോഹത്തിന് സമാനമായ 'സഖൂം' മരമാണ് പാപികളുടെ ഭക്ഷണം!*
*പാപികളെ കാണുമ്പോഴേക്കും ക്ഷോഭിച്ചുകളയുകയും ഇരമ്പിക്ക*

*യറുകയും ചെയ്യുന്ന ഒരു നരക മാണ് ഖുർആനിലുള്ളത്. ഇസ്‌ലാം മതം ഉയർത്തിപ്പിടിക്കുന്ന ദൈവസ ങ്കൽപവും ഖുർആനിൽ വിവരിക്ക പ്പെട്ടിട്ടുള്ള നരകവും പരസ്പരം എതിരിടുന്ന വിരുദ്ധ സങ്കൽപങ്ങ ളാണ്! പരമകാരുണികനും കരുണാ നിധിയുമായ അല്ലാഹുവും, ക്രൂരത യുടെ നിത്യകേന്ദ്രമായ നരകവും പരസ്പരം ഒരിക്കലും പൊരുത്തപ്പെ ടുകയില്ല. ശാശ്വതമായ ഒരു ശാപാ വസ്ഥ നിലനിൽക്കുന്നേടത്തോളം കാലം ഈശ്വരനെ കാരുണിക നെന്ന് വിളിക്കുന്നത് അദ്ദേഹത്തെ അവഹേളിക്കലാണ്. ഇസ്‌ലാമിൽ ശാശ്വതമായ ശാപാവസ്ഥയില്ലെന്ന് പറയാൻ ചിലരെങ്കിലും മുന്നോട്ടുവ ന്നിട്ടുള്ളത് ഇതുകൊണ്ടാണ്." 'സ്വർഗം നരകം, പരലോകം' എന്ന കെ.ഇ.എൻ കൃതിയിലെ വരിക ളാണ് മുകളിൽ ഉദ്ധരിച്ചത്. യഥാർഥ ത്തിൽ ഒരാൾ സ്വർഗത്തിൽ പോകുമോ നരകത്തിൽ കിടക്കുമോ എന്നത് നിർണയിക്കുന്നത് ഭൂമി യിൽ അയാൾ എങ്ങനെ ജീവിച്ചു എന്നതല്ല. നല്ല രീതിയിൽ ജീവിച്ച വനെ നരകത്തിലിടാനും ചീത്ത രീതിയിൽ ജീവിച്ചവനെ സ്വർഗത്തി ലിടാനും അല്ലാഹുവിന് അധികാര മുണ്ട്. 'സ്വർഗം അവൻ നിങ്ങൾക്ക് നൽകുന്ന ദാനമത്രെ' എന്ന ഖുർ ആൻ വാക്യം സൂചിപ്പിക്കുന്നതും ഇതാണ്. ഭൗതികവാദികളുടെ ഇത്തരം വിമർശനങ്ങൾക്കുള്ള മറു പടി എന്താണ്?*

***അബൂഅഫ്നാൻ കവ്വായി***

പരമകാരുണികനും കരുണാ നിധിയും തന്നെയാണ് അല്ലാഹു. 'എന്റെ കാരുണ്യം എല്ലാറ്റിനെയും ചൂഴ്ന്നു നിൽക്കുന്നു' എന്ന് അവൻ സംശയാതീതമായി വ്യക്തമാക്കിയി ട്ടുണ്ട്. 'അല്ലാഹു തന്റെ ദാസന്മാ രോട് അനീതി കാണിക്കുന്നവനല്ല' എന്നും പ്രഖ്യാപിച്ചിരിക്കുന്നു. അപ്പോൾ അതികഠിന ചൂടുള്ള നരകം സൃഷ്ടിച്ചതോ? അവന്റെ കണിശമായ നീതിബോധത്തിന്റെ താൽപര്യം മാത്രം. പരീക്ഷണാലയ മായ ഈ ലോകത്ത് ഒരിക്കലും പൂർണ നീതി പുലർന്നിട്ടില്ല, പുലരു കയുമില്ല. ചെങ്കിസ്ഖാനും ഹിറ്റ്ലറും മുസ്സോളിനിയും സ്റ്റാലിനും പോൾപോട്ടും താണ്ഡവമാടിയ ഈ ലോകത്ത്, അവരുടെ ഇരകളും നിരപ രാധികളുമായ ജനലക്ഷങ്ങളും അവരും ഒരേപോലെ മരിച്ചു എന്നെന്നേക്കുമായി ശൂന്യതയിൽ ലയിച്ചുവെന്ന് വന്നാൽ എന്ത് നീതി, എന്ത് കാരുണ്യം! സ്പെക്ട്രം അഴിമതിയും കോമൺ വെൽത്ത് കുംഭകോണവും ആദർശ് ഫ്ളാറ്റ് തിരിമറിയും നടത്തിയ ഘടാഘ ടിയന്മാരും അവർ ഊറ്റിക്കുടിച്ച രക്ത ത്തിന്റെ അവകാശികളായ ദരിദ്രകോടി കളും മരിച്ചാൽ തുല്യം, സമം! ഇതാണോ കാരുണ്യത്തിന്റെ താൽപര്യം? ഈ ലോകത്ത് സത്യ ത്തിൽ വിശ്വസിച്ചു, സത്യസന്ധരായി ജീവിച്ചു ജനങ്ങൾക്ക് നന്മ ചെയ്തു മരിച്ചുപോയവർക്ക് അർഹിക്കുന്നതിനേ ക്കാൾ എത്രയോ ഇരട്ടിയായി സ്വർഗീയ സുഖങ്ങളും, മറിച്ച് സത്യത്തെ ധിക്ക രിച്ച്, കഴിയാവുന്ന ദ്രോഹങ്ങൾ മുഴു വൻ ചെയ്തു എല്ലാവരുടെയും ശാപം ഏറ്റുവാങ്ങി മരിച്ചുപോകുന്നവർക്ക് നീതിയുക്തമായ വിചാരണക്കു ശേഷം അർഹിക്കുന്ന ശിക്ഷയും നൽകുന്ന താണ് ദൈവത്തിന്റെ നീതി, കാരുണ്യം. 'ആർ അണു അളവ് നന്മ ചെയ്തുവോ അവൻ അത് അനുഭവിക്കും, ആർ അണു അളവ് തിന്മ ചെയ്തുവോ അവനും അതു അനുഭവിക്കും' എന്ന് അല്ലാഹു പറഞ്ഞിരിക്കെ, അവൻ തോന്നിയപോലെ ശിക്ഷ വിധിക്കുകയാ ണെന്ന് ആരോപിക്കാൻ ഒരു ന്യായവു മില്ല. മാത്രമല്ല, പാപങ്ങൾ ചെയ്തു കുന്നുകൂട്ടിയാൽ പോലും അവസാന മായി പശ്ചാതപിച്ചു ശിഷ്ടകാലം നല്ല വനായി ജീവിച്ചാൽ പാപം പൊറുക്കു മെന്നും നരകശിക്ഷയിൽനിന്ന് മോചി പ്പിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുമുണ്ട്. സർവജ്ഞനും സർവ ശക്തനുമായ അല്ലാഹുവിന് എന്തും ചെയ്യാൻ അധികാരമുണ്ട് എന്നതിന്റെ അർഥം, അവൻ എന്തും ചെയ്യും എന്ന ല്ല. തന്റെ അധികാരം അവൻ തികച്ചും നീതിപൂർവമായേ വിനിയോഗിക്കൂ എന്നാണ്. മഹാധിക്കാരിയായ പിശാ ചിന്റെ കാര്യത്തിൽ പോലും അവന്റെ നിലപാട് അതാണ്. ജീവിതത്തിന്റെ അന്ത്യനിമിഷമെങ്കിലും ആത്മാർഥ മായി അല്ലാഹുവിന്റെ ഏകത്വം സമ്മ തിച്ചു മൊഴിഞ്ഞവന് അല്ലാഹു നരക മോചനം നൽകുമെന്ന തിരുവചനവും ശ്രദ്ധേയമാണ്.

## സമ്പൂർണ വിജയത്തിന്റെ വഴി

■ *മുസ്‌ലിം ലീഗ് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാ മിയെ മാറ്റിനിർത്തി മറ്റു മുസ്‌ലിം സംഘടനകളെ യോജിപ്പിച്ച് വമ്പിച്ച തെരഞ്ഞെടുപ്പ് വിജയം കരസ്ഥമാക്കി. ഇനി ഇതുപോലെ അടുത്ത തെരഞ്ഞെ ടുപ്പിൽ മുജാഹിദുകളെയും മുസ്‌ലിം ലീഗ് മാറ്റിനിർത്തണം (ഒ.എം തരു വണ, സിറാജ് 13.11.2010). മുജീബിന്റെ പ്രതികരണം?*

***അൻഷദ് വണ്ടാനം***

തുടർന്നു വരുന്ന ഘട്ടത്തിൽ ഇ.കെ വിഭാഗം സുന്നികളെ കൂടി മാറ്റി നിർത്തിയാൽ ലീഗിന് സമ്പൂർണ വിജയം നിശ്ചയം!

## നീരാളിപ്പിടിത്തം

■ *2010-ലെ ലോകകപ്പ് ഫുട്ബോൾ മത്സരഫലങ്ങൾ 'കൃത്യമായി' പ്രവചിച്ച പോൾ നീരാളി ജർമനിയിൽ അന്ത രിച്ചു! പകരം പോൾ രണ്ടാമൻ രംഗപ്ര വേശം ചെയ്യുകയും ചെയ്തു. ഇങ്ങനെ നീരാളികൾക്ക് കാര്യങ്ങൾ നേരത്തെ 'പ്രവചിക്കാൻ' പറ്റുമെങ്കിൽ ലോകഗതി യിൽ വലിയ മാറ്റങ്ങൾ വരുത്താൻ പറ്റില്ലേ?*

***നൂഹ ബിൻത് കവ്വായി***

അന്ധവിശ്വാസങ്ങളുടെ നീരാളി പ്പിടിത്തം! ■